# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6337      20/11/2019 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. വിഹിതത്തിലെ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിലവിൽ എത്ര രൂപ വരെ ശമ്പളം പറ്റുന്നവരെയാണ് ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 01.01.2017 മുതൽ 21,000/- രൂപ വരെ ശമ്പളം പറ്റുന്ന പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ലിംഗഭേദമില്ലാതെ എല്ലാവരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഗണിക്കുമോ; | (ബി) | ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ ലിംഗഭേദമൊന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | 15 വർഷമായി നിലനിന്ന തൊഴിലാളി വിഹിതം 1.75 ശതമാനവും തൊഴിലുടമ വിഹിതം 4.75 ശതമാനവും എന്ന നിരക്ക് 2019 ആയപ്പോൾ 0.75 ശതമാനവും 3.25 ശതമാനവും ആയി കുറച്ചതിലൂടെ ഇ.എസ്.ഐ. ആശുപത്രിയിലെ സൗകര്യങ്ങൾ ഇല്ലാതായിട്ടുള്ള കാര്യം പരിശോധിക്കുമോ? | (സി) | ഇ.എസ്.ഐ വിഹിതം കുറച്ചതിന് ശേഷം സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന സൗകര്യങ്ങളൊന്നും ഇല്ലാതാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**